# നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നടപടികൾ

കേരള മുനിസിപ്പൽ കോമൺ സർവ്വീസ് – ജീവനക്കാര്യം – പി.എ ടു സെക്രട്ടറി / കൗൺസിൽ സെക്രട്ടറി / റവന്യൂ ആഫീസർ / അക്കൗണ്ട്സ് ആഫീസർ തസ്തികയിലെ സ്ഥലംമാറ്റവും, നിയമനവും, ഉദ്യോഗക്കയറ്റവും – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

E6-8339/06 തിരുവനന്തപുരം, തീയതി 15/05/07.

---

പരാമർശം : (1) 04/04/2007 ലെ (എം.എസ്).105/2007/തസ്വഭവ നം. സർക്കാർ ഉത്തരവ്.
(2) നഗരകാര്യ ഡയറക്ടറുടെ 04/05/2007 ലെ ഇ6–8338/07–ാം നമ്പർ കരട് സ്ഥലംമാറ്റ ഉത്തരവ്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ നിയമനങ്ങൾക്ക് ബാധകമാക്കേണ്ട മാനദണ്ഡങ്ങൾ ഒന്നാം പരാമർശം മുഖേന സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളനുസരിച്ച്, കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ പി.എ ടു സെക്രട്ടറി / കൗൺസിൽ സെക്രട്ടറി / റവന്യൂ ആഫീസർ / അക്കൗണ്ട്സ് ആഫീസർ തസ്തികയിലെ ജീവനക്കാരുടെ 2007–ലെ പൊതു സ്ഥലം മാറ്റത്തിനായി രണ്ടാം പരാമർശം മുഖേന തയ്യാറാക്കിയ താൽക്കാലിക കരട് ലിസ്റ്റ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിലും, എല്ലാ നഗരസഭാ ഓഫീസുകളിലും, നഗരകാര്യ ഡയറക്ടറേറ്റിലും 04–05–2007 ന് പ്രസിദ്ധീകരിക്കുകയുണ്ടായി. ടി കരട് ലിസ്റ്റിൻമേൽ പരാതികൾ സമർപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് 11–05–07 വരെ സമയം അനുവദിക്കുകയും ഉണ്ടായി.

അതനുസരിച്ച് ലഭിച്ച 2 പരാതികൾ പരിശോധിച്ചതിൽ 1 എണ്ണം അനുവദിക്കുകയും, കരട് ലിസ്റ്റിൽ ഭേദഗതികൾ വരുത്തുകയും ചെയ്യുകയുണ്ടായി.

ഈ സാഹചര്യത്തിൽ, ഒന്നാം പരാമർശിത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ പി.എ ടു സെക്രട്ടറി / കൗൺസിൽ സെക്രട്ടറി / റവന്യൂ ആഫീസർ / അക്കൗണ്ട്സ് ആഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ചുവടെ പേര് പറയുന്ന ജീവനക്കാരെ ടിയാന്മാരുടെ പേരിന് നേരെ കാണിച്ചിട്ടുള്ള നഗരസഭകളിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| (1) | പി.എസ്.ഗിരിജാദേവി<br>കാസർഗോഡ് | പെരുമ്പാവൂർ |
| (2) | എസ്.ശൈലാകുമാരി<br>ചങ്ങനാശ്ശേരി | കൊല്ലം |
| (3) | കെ.ഗിരിജാദേവി<br>കോഴിക്കോട് | ചങ്ങനാശ്ശേരി |

മേൽപ്പറഞ്ഞ സ്ഥലംമാറ്റം ജീവനക്കാരുടെ അപേക്ഷ പരിഗണിച്ചാണ് നടത്തിയിട്ടുള്ളത്.

ചുവടെ പറയുന്ന സൂപ്രണ്ട് / റവന്യു ഓഫീസർ ഗ്രേഡ്–II തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ 11070–18450 രൂപ ശമ്പളതോതിൽ 1958 ലെ കെ.എസ് & എസ്.എസ്.ആർ.റൂൾ 31(എ)(1) ലെ വ്യവസ്ഥകൾക്ക് വിധേയമായി പി.എ ടു സെക്രട്ടറി / കൗൺസിൽ സെക്രട്ടറി / റവന്യൂ ആഫീസർ / അക്കൗണ്ട്സ് ആഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ കാണിച്ചിട്ടുള്ള നഗരസഭകളിൽ നിയമിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| (4) | ജെ.മീനാകുമാരി<br>ചാലക്കുടി | കോഴിക്കോട് |
| (5) | റ്റി.വത്സലാകുമാരി<br>തിരുവനന്തപുരം | തിരുവനന്തപുരം |
| (6) | എസ്.ആർ.മധുബാല<br>കുന്നംകുളം | കോഴിക്കോട് |
| (7) | പി.ആനന്ദവല്ലി അമ്മ<br>വൈക്കം | വടകര |
| (8) | ഉമ.ബി.നായർ<br>തിരുവനന്തപുരം | തിരുവല്ല |

ക്രമ നം. 5, 8 എന്നീ ജീവനക്കാരുടെ സ്ഥലംമാറ്റം 21–05–07 ന് മാത്രമേ പ്രാബല്യത്തിൽ വരികയുള്ളു.

ഈ ഉദ്യോഗക്കയറ്റം തികച്ചും താൽക്കാലികവും പുനഃ പരിശോധനയ്ക്ക് വിധേയവുമായിരിക്കും. ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിച്ച / വിടുതൽ ചെയ്ത വിവരം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ ഉടൻ ഈ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
**എ.ഷാജഹാൻ.ഐ.എ.എസ്**
**നഗരകാര്യ ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
(സെക്രട്ടറി മുഖേന)
പകർപ്പ് – ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് (മേയർ/ചെയർമാൻ മുഖേന)
ജോയിന്റ് ഡയറക്ടർ (ഭരണം), എ.എ, സൂപ്രണ്ട്, ഇ6 സെക്ഷൻ, കരുതൽ ഫയൽ

ആജ്ഞാനുസരണം / അയക്കുന്നത്,

സൂപ്രണ്ട്